## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 582 — 10.06.2014-ൽ മറുപടിയ്ക്ക്

# മാവൂർ ഗ്വാളിയർ റയൺസിന് ഏറ്റെടുത്ത സ്ഥലത്ത് പുതിയ വ്യവസായം

| ചോദ്യം<br>ശ്രീ. പി.റ്റി.എ. റഹിം | മറുപടി<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) മാവൂർ ഗ്വാളിയർ റയൺസിന് മാവൂർ വില്ലേജിൽ എത്ര സ്ഥലമാണ് പൊന്നുംവിലയ്ക്ക് ഏറ്റെടുത്ത് നൽകിയതെന്ന് വ്യക്തമാക്കാമോ; | (എ) വ്യാവസായിക ആവശ്യത്തിനായി 246.33 ഏക്കർ ഭൂമിയാണ് മാവൂർ ഗ്വാളിയർ റയൺസിന് സർക്കാർ ഏറ്റെടുത്ത് നൽകിയത്. |
| (ബി) ഫാക്ടറി പ്രവർത്തിക്കാത്ത സാഹചര്യത്തിൽ ഈ സ്ഥലം ഏറ്റെടുത്ത നടപടിയെ ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജി ഹൈക്കോടതി തീർപ്പാക്കിയിട്ടുണ്ടോ ; | (ബി) ഇല്ല |
| (സി) ഇവിടെ പുതിയ വ്യവസായം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ജില്ലയിലെ 13 എം.എൽ.എ മാർ ഒപ്പിട്ട നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) ഉണ്ട്. ഗ്രാസിം ഇൻഡസ്ട്രീസ് പ്രവർത്തിച്ചിരുന്ന ഭൂമി ഉപയോഗപ്പെടുത്തി ഒരു ഐ.ടി.പാർക്ക്, വിദ്യാഭ്യാസ സ്ഥാപനം, വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ആയുർവേദ യൂണിവേഴ്സിറ്റി എന്നിവ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ആദിത്യ ബിർള ഗ്രൂപ്പ് സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ 2005 മുതൽ തുടർച്ചയായി ആവശ്യപ്പെട്ടിട്ടും ഇതുസംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ കമ്പനിയുടെ കൈവശമുള്ള ഭൂമി തിരിച്ചെടുത്ത് ഇവിടെ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്രയ്ക്ക് കൈമാറുവാൻ 27.08.13 ൽ കൂടിയ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ഭൂമി തിരിച്ചെടുക്കുന്നതിന് സർക്കാർ നൽകിയ ഉത്തരവിനെതിരെ കമ്പനി ബഹു.ഹൈക്കോടതിയിൽനിന്നും നേടിയ സ്റ്റേ ഓർഡർ നീക്കിക്കിട്ടുന്നതിന് നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ